(ബി) എങ്കിൽ എത്ര പേരിൽ നിന്നും ഒട്ടാകെ എന്തു തുക ഇപ്രകാരം ശേഖരിച്ചു ;

(സി) ഇതിൽ നിന്നും ഇതുവരെ എത്രപേർക്ക് ഗ്യാസ് കണക്ഷൻ നൽകുകയുണ്ടായി;

(ഡി) ഗ്യാസ് കണക്ഷൻ നൽകിയവർക്ക് എത്ര സിലിണ്ടർ വീതം കൊടുത്തു ;

(ഇ) ഇവർക്ക് രണ്ട് സിലിണ്ടർ വീതം കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നുവോ ;

(എഫ്) എങ്കിൽ അതനുസരിച്ച് രണ്ട് സിലിണ്ടർ വീതം കൊടുക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(ജി) 5000 പേർക്ക് രണ്ട് സിലിണ്ടർ വീതമുള്ള ഗ്യാസ് കണക്ഷൻ നൽകുമെന്ന് 06-11-1999-ൽ സിറ്റി പോലീസ് സൊസൈറ്റി നമ്പർ ടി. 920 പ്രഖ്യാപിച്ചിരുന്നുവോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പിരിച്ചിട്ടുണ്ട്.

(ബി) 2,735 പേരിൽ നിന്നും ഒട്ടാകെ 13,67,500/- രൂപ പിരിച്ചിട്ടുണ്ട്.

(സി) 1300 പേർക്ക് ഇതുവരെ ഗ്യാസ് കണക്ഷൻ നൽകിയിട്ടുണ്ട്.

(ഡി) ഒരു സിലിണ്ടർ വീതം 1300 പേർക്ക് കൊടുത്തിട്ടുണ്ട്.

(ഇ) ഇല്ല എന്നാണ് റിപ്പോർട്ട്.

(എഫ്) ബാധകമല്ല.

(ജി) ഇപ്രകാരം സംഘം പ്രഖ്യാപിച്ചതായി റിപ്പോർട്ടില്ല.

സഹകരണസ്ഥാപനങ്ങളിൽ വനിതകൾ, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവരുടെ പ്രാതിനിധ്യം

140 (1807) ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ വനിതകൾ, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾ എന്നിവരുടെ പ്രാതിനിധ്യം ഇല്ലാത്ത ഡയറക്ടർ ബോർഡുകൾ പ്രവർത്തിച്ചു വരുന്നതായി അറിവുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ വനിതകളുടെയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) 1999 -ലെ സഹകരണ ഭേദഗതി നിയമം പ്രാബല്യത്തിൽ വന്നതിനുശേഷവും വനിതകളുടെയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും പ്രാതിനിധ്യം ഇല്ലാത്ത ബോർഡുകൾ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ;

(എഫ്) എങ്കിൽ പ്രസ്തുത വിഭാഗങ്ങളുടെ പ്രാതിനിധ്യം ഇല്ലാത്ത ബോർഡുകളിൽ ഈ വിഭാഗങ്ങളെ നോമിനേറ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അറിവുണ്ട്.

(ബി) പ്രത്യേക സർവ്വേ നടത്തിയിട്ടില്ല. എന്നാൽ സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ ഇതു സംബന്ധിച്ച് സഹകരണ സംഘങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്.

(സി&ഡി) 1999 - ലെ കേരള സഹകരണസംഘം (ഭേദഗതി) നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം സഹകരണ നിയമത്തിലെവകുപ്പ് 28എ പ്രകാരം ഓരോ സഹകരണസംഘത്തിന്റെയും കമ്മിറ്റിയിൽ, ഒരു സീറ്റ് ഒരു വനിതാ അംഗത്തിനും, ഒരു സീറ്റ് പട്ടിക ജാതിയിലോ, പട്ടിക വർഗ്ഗത്തിലോപ്പെട്ട ഒരു അംഗത്തിനുമായി സംവരണം ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) സംസ്ഥാന സഹകരണ വിപണന ഫെഡറേഷനിൽ ഒരു പട്ടികജാതി /പട്ടികവർഗ്ഗ അംഗത്തേയും ഒരു വനിതാ അംഗത്തേയും നോമിനേറ്റു ചെയ്തിട്ടുണ്ട്.

സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പ

141 (1808) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എന്തു തുകവീതം വായ്പ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) സഹകരണ ബാങ്കുകൾ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വായ്പ നൽകുന്നതു പരിഗണിച്ചുകൊണ്ട് സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ സഹകരണ സ്ഥാപനങ്ങൾക്ക് ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly